7359
25/6/15

# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(എം.എസ്.) നം.111/2015/കൃഷി — തിരുവനന്തപുരം, തീയതി, 22.06.2015

---

പരാമർശം :- നീര ഉത്പാദനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18/05/2015-ന് ചേർന്ന യോഗത്തിലെ തീരുമാനം.

## ഉത്തരവ്

നീര ഉത്പാദനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18/05/2015-ന് ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. നാളികേര നീര ബോർഡിന്റെ മുഖ്യ ചുമതല നീര മാർക്കറ്റിങ് പ്രമോട്ട് ചെയ്യുക എന്നതായിരിക്കും.

ii. നീര ചെത്തുന്നതിന് ലൈസൻസിനായി അപേക്ഷിക്കുന്ന എല്ലാ അപേക്ഷകർക്കും ലൈസൻസ് ലഭിക്കും. ലൈസൻസ് ജില്ലാ തലത്തിലുള്ള ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ നൽകേണ്ടതാണ്.

iii. നീര ചെത്തുകാരെ തിരഞ്ഞെടുക്കുമ്പോൾ പരമ്പരാഗത ചെത്ത്കാർക്ക് മുൻഗണന നൽകേണ്ടതാണ്.

iv. കള്ള് ചെത്ത് വ്യവസായം പുന:രുജ്ജീവിപ്പിക്കുന്നതിനായി നികുതി വകുപ്പ് സെക്രട്ടറി ചെയർമാനായും എക്സൈസ് കമ്മീഷണർ മെമ്പറായും ടോഡി ബോർഡ് രൂപീകരിക്കുന്നതാണ്.

v. പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന ടോഡി ബോർഡിന് ഓഹരിമൂലധനമായി 1 കോടി രൂപ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിന്ന് നൽകേണ്ടതാണ്.

vi. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 362 നാളികേര ഉത്പാദക സൊസൈറ്റികൾ / ഫെഡറേഷനുകളിൽ 173 എണ്ണത്തിനുമാത്രമേ നികുതി വകുപ്പിന്റെ 14/02/2014-ലെ സ.ഉ.(പി) 27/2014/നി.വ. (SRO 116/2014) പ്രകാരം ലൈസൻസ് നൽകിയിട്ടുള്ളൂ. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സൊസൈറ്റികൾ / ഫെഡറേഷനുകൾക്കും ലൈസൻസ് നൽകുവാൻ വേണ്ട നടപടി നികുതി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

vii. 14/02/2014-ലെ സ.ഉ.(പി) 27/2014/നി.വ. (SRO 116/2014) പ്രകാരം സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് &മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി / സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നല്കി ഉത്തരവായിട്ടുണ്ട്. ഇതു കൂടാതെ കേരഫെഡിനു കൂടി അനുമതി നൽകുവാനുള്ള നടപടി നികുതി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

viii. 1500 തെങ്ങുകൾ ചെത്തുവാനുള്ള ലൈസൻസാണ് നിലവിൽ നാളികേര ഉത്പാദക സൊസൈറ്റികൾ / ഫെഡറേഷനുകൾക്ക് നൽകിയിരിക്കുന്നത് ഇത് 5000 ആയി വർദ്ധിപ്പിക്കുന്നതാണ്. കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികൾ അതായത് നാളീകേര വികസന കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല, കെയ്കോ , കേരഫെഡ് എന്നിവയ്ക്ക് ചെത്തുവാനുള്ള തെങ്ങുകളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതില്ല. ഇതിനുള്ള നടപടി നികുതി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

ix. നീര ടെക്നീഷ്യൻമാരുടെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് ഏകീകൃത കരിക്കുലം നാളീകേര വികസന ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ / ഫെഡറേഷനുകൾ എന്നിവയുടെ ട്രെയിനിംഗ് നാളീകേര വികസന ബോർഡ്

നടത്തുകയും വിലയിരുത്തേണ്ടതുമാണ്. കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികളുടെ നാളികേര വികസന ബോർഡ് കരിക്കലം അനുസരിച്ച് ട്രെയിനിംഗ് നടപ്പാക്കേണ്ടതാണ്. ഇത് കേരള കാർഷിക സർവ്വകലാശാല വിലയിരുത്തുന്നതായിരിക്കും. നീര ടെക്നീഷ്യൻമാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതായിരിക്കും. ട്രെയിനിംഗിന് കൃഷി വകുപ്പ് ഏജൻസികളേയും നാളികേര വികസന ബോർഡിനെയും കണക്കിൽപ്പെടുത്തി മൊത്തം 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതാണ്. ഇതിനുള്ള നടപടി കൃഷി വകുപ്പ് മുഖാന്തിരം സ്വീകരിക്കേണ്ടതാണ്.

x. (I) നീര ഉത്പാദനത്തിനായി നാളികേര ഉത്പാദക സൊസൈറ്റികൾ / ഫെഡറേഷനുകൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് സഹായധനമായി ചിലവിന്റെ 25 ശതമാനമോ 50 ലക്ഷമോ ഏതാണ് കുറവ് അത് നൽകുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നാളികേര വികസന ബോർഡ് താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായി ശുപാർശ സഹിതം സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതും അതിനനുസൃതമായി സർക്കാർ തുക നാളികേര വികസന ബോർഡിന് നൽകുന്നതുമായിരിക്കും.

(II) കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികളുടെ പ്രൊപ്പോസലുകൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം പരിശോധിച്ച് താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായി വ്യക്തമായ ശുപാർശ സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതാണ്. തുക സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി വിതരണം ചെയ്യാവുന്നതാണ്. ഇതിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

**നിബന്ധന**

- ക്രഡിറ്റ് ലിങ്ക്ഡ്
- ബാക്ക് എൻഡ് സബ്സിഡി
- കെട്ടിട നിർമ്മാണത്തിനുള്ള തുക മൊത്തം ചിലവിന്റെ 25 ശതമാനമോ അതിൽ കുറവോ ആയിരിക്കണം.

xi. കർഷകർ സ്വയം കണ്ടെത്തുന്ന തുകയുടെ 25 ശതമാനം മൂലധന സഹായമായി കർഷക ഉത്പാദക കമ്പനികൾക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നൽകുന്നതിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതാണ്. ഇതിനുള്ള നടപടി ധനകാര്യ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

xii. മേൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി 32 കോടി രൂപ അഡിഷണൽ ഓതറൈസേഷൻ വഴി ധനകാര്യ വകുപ്പ് ലഭ്യമാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജിജി തോംസൺ**
**ചീഫ് സെക്രട്ടറി**

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
നാളികേര വികസന ബോർഡ്, കൊച്ചി.
കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
കേരഫെഡ്, തിരുവനന്തപുരം.
സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC), തിരുവനന്തപുരം.
കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
നികുതി വകുപ്പ്.
ഡയറക്ടർ, ഐ. & പി.ആർ. വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ